കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ബീഡിത്തൊഴിലാളികൾ ക്ഷേമവരി ആക്റ്റ്, 1976

(1976-ലെ 56-ാം നമ്പർ ആക്റ്റ്)

വില

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1981

കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# ബീഡിത്തൊഴിലാളികൾ ക്ഷേമവരി ആക്റ്റ്, 1976

(1976–ലെ 56–ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1981

# ബീഡിത്തൊഴിലാളികൾ ക്ഷേമവരി ആക്റ്റ്, 1976

(1976-ലെ 56-ാം ആക്റ്റ്)

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.
2. നിർവ്വചനങ്ങൾ.
3. ബീഡി നിർമ്മാണത്തിന് നൽകിയ പുകയിലയിൻമേൽ വരി ചുമത്തലും പിരിക്കലും.
4. നികുതിയായി പിരിച്ച തുക ഇൻഡ്യയുടെ സഞ്ചിതനിധിയിൽ വരവുവയ്ക്കേണ്ടതാണെന്ന്.
5. വിവരം ആവശ്യപ്പെടാനുള്ള അധികാരം.
6. ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടികൾക്ക് സംരക്ഷണം.
7. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.

---

# ബീഡിത്തൊഴിലാളികൾ ക്ഷേമവരി ആക്ററ്, 1976

(1976-ലെ 56-ാം ആക്ററ്)

ബീഡിനിർമ്മാണത്തിന് നൽകിയ പുകയിലയിൻമേൽ വരിയായി, എക്സൈസ് നികുതി ചുമത്തുന്നതിനും പിരിക്കുന്നതിനും വ്യവസ്ഥചെയ്യുന്നതിനുള്ള ആക്ററ്.

ഇൻഡ്യാ റിപ്പബ്ലിക്കിൻെറ 27-ാം സംവൽസരത്തിൽ പാർലമെൻറ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

**ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.**

1. (1) ഈ ആക്ററിന്, ബീഡിത്തൊഴിലാളികൾ ക്ഷേമവരി ആക്ററ്, 1976 എന്നു പേർ പറയാവുന്നതാണ്.

(2) ഇതിന്, ഇൻഡ്യ മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത്, കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

**നിർവ്വചനങ്ങൾ.**

2. ഈ ആക്ററിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "നിധി" എന്നാൽ ബീഡിത്തൊഴിലാളികൾ ക്ഷേമഫണ്ട് ആക്ററ്, 1976, 3-ാം വകുപ്പിൻകീഴിൽ രൂപീകരിച്ച ബീഡിത്തൊഴിലാളികൾ ക്ഷേമനിധി എന്നർത്ഥമാകുന്നു.

(ഖ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ററിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

**ബീഡിനിർമ്മാണത്തിന് നൽകിയ പുകയിലയിൻമേൽ വരി ചുമത്തലും പിരിക്കലും.**

3. (1) കേന്ദ്രഗവൺമെൻറ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രഭാവത്തോടുകൂടി, ബീഡിത്തൊഴിലാളികൾ ക്ഷേമ ഫണ്ട് ആക്ററ്, 1976-ൻെറ ആവശ്യങ്ങൾക്ക്, ബീഡിനിർമ്മാണവുമായി ബന്ധപ്പെട്ട ഏതെങ്കിലും ആവശ്യത്തിന് പണ്ടകശാലയിൽ നിന്ന് ഏതെങ്കിലും ആളിനു നൽകുന്നിടത്തോളം പുകയിലയിൻമേൽ, കിലോഗ്രാമിന് ഒരു രൂപയിൽ കവിയാത്ത നിരക്കിൽ, കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി അപ്പോഴപ്പോൾ, അങ്ങനെയുള്ള പുകയിലയിൻമേൽ നിശ്ചയിക്കുന്ന എക്സൈസ് നികുതി വരിയായി ചുമത്തേണ്ടതും പിരിക്കേണ്ടതുമാകുന്നു.

വിശദീകരണം.—ഈ ഉപവകുപ്പിൽ "പണ്ടകശാല" എന്നാൽ കേന്ദ്ര എക്സൈസും ഉപ്പും ആക്ററ്, 1944 (1944-ലെ 1)-ൻെറ കീഴിൽ ഉണ്ടാക്കിയ കേന്ദ്ര എക്സൈസ് ചട്ടങ്ങൾ, 1944, 140-ാം ചട്ടത്തിൻകീഴിൽ നിശ്ചയിക്കപ്പെട്ടതോ ലൈസൻസ് നൽകപ്പെട്ടതോ ആയ ഏതെങ്കിലും സ്ഥലമോ പരിസരങ്ങളോ എന്നർത്ഥമാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ചുമത്തിയ എക്സൈസ് നികുതി, തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിൻകീഴിൽ പുകയിലയ്ക്കു ചുമത്താവുന്ന ഏതെങ്കിലും വരിക്കോ നികുതിക്കോ പുറമെയായിരിക്കുന്നതാണ്.

**പിരിച്ച തുക ഇൻഡ്യയുടെ സഞ്ചിത നിധിയിൽ വരവുവയ്ക്കേണ്ടതാണെന്ന്.**

4. 3-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൻകീഴിൽ ചുമത്തിയ എക്സൈസ് നികുതിയായി പിരിച്ച തുക ഇൻഡ്യയുടെ സഞ്ചിതനിധിയിൽ വരവുവയ്ക്കേണ്ടതാണ്.

**വിവരം ആവശ്യപ്പെടാനുള്ള അധികാരം.**

5. കേന്ദ്രഗവൺമെൻേറാ അല്ലെങ്കിൽ ഇതിലേയ്ക്ക് അതു വി നിർദ്ദേശിക്കുന്ന മറേറതെങ്കിലും അധികാരസ്ഥാനമോ, ഈ ആക്ററിൻെറ ആവശ്യങ്ങൾക്ക് അതിന് യുക്തമെന്നു തോന്നുന്ന സ്ഥിതിവിവരക്കണക്കുകളോ മറേറതെങ്കിലും വിവരങ്ങളോ നൽകാൻ ഏതെങ്കിലും ആളോട് ആവശ്യപ്പെടാവുന്നതാണ്.

**ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടികൾക്ക് എതിരായി സംരക്ഷണം.**

6. ഈ ആക്ററിൻേറയോ അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളുടേയോ കീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ എന്തെങ്കിലും സംബന്ധിച്ച് കേന്ദ്രഗവൺമെൻറിനോ അല്ലെങ്കിൽ കേന്ദ്രഗവൺമെൻറിൻെറ ഏതെങ്കിലും ഉദ്യോഗസ്ഥനോ മററു ജീവനക്കാരനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ അല്ലെങ്കിൽ മററ് നിയമ നടപടിയോ ഉണ്ടായിരിക്കുന്നതല്ല.

ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.

7. (1) കേന്ദ്രഗവൺമെൻറിന് ഔദ്യോഗിക ഗസററിലെ വിജ്ഞാപനംവഴി ഈ ആക്ററിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗം കൂടാതെ അങ്ങനെയുള്ള ചട്ടങ്ങളിൽ—

(ക) 3-ാം വകുപ്പിൻെറ കീഴിൽ ചുമത്തിയ എക്സൈസ് നികുതി തിട്ടപ്പെടുത്തുന്നതിനും പിരിക്കുന്നതിനും ;

(ഖ) 5-ാം വകുപ്പിൻെറ കീഴിൽ നൽകാൻ ആവശ്യപ്പെടാവുന്ന സ്ഥിതി വിവരക്കണക്കുകളും മറേറതെങ്കിലും വിവരങ്ങളും, ഏതെങ്കിലും ആൾ, കേന്ദ്രഗവൺമെൻറിനോ അല്ലെങ്കിൽ ഇതിലേയ്ക്ക് അത് വിനിർദ്ദേശിക്കുന്ന മറേറതെങ്കിലും അധികാരസ്ഥാനത്തിനോ നൽകുന്നതിനും ;

(ഗ) ഈ ആക്ററിൻകീഴിലുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ അല്ലെങ്കിൽ വ്യവസ്ഥചെയ്യപ്പെടേണ്ടതോ ആയ മറേറതെങ്കിലും വിഷയത്തിനും ;

വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം ആകാവുന്നത്ര വേഗത്തിൽ, പാർലമെൻറ് സമ്മേളിച്ചിരിക്കുമ്പോൾ അതിൻെറ ഓരോ സഭയുടേയും മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനു മുൻപ്, ഇരു സഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരു സഭകളും ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ അതിനു ശേഷം ആ ചട്ടത്തിന്, അതതു സംഗതിപോലെ അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും അങ്ങനെയുള്ള എന്തെങ്കിലും രൂപഭേദപ്പെടുത്തലോ പ്രാബല്യശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുൻപ് ചെയ്തിട്ടുള്ള എന്തിൻെറയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.